പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2458 **27-10-2026-ൽ മറുപടിയ്ക്ക്**

ഡ്രഗ് ഫ്രീ ക്യാംപസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സർക്കാരിന്റെ നൂറ്ദിന കർമ്മപരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പ് നടപ്പാക്കുന്ന 'മയങ്ങില്ല കേരളം' ക്യാംപെയിനിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 30 കോളേജുകളെ ആദ്യഘട്ടമായി ഡ്രഗ് ഫ്രീ ക്യാംപസുകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പ് നടത്തിവരുന്ന സമഗ്രമായ ലഹരി വിരുദ്ധ ക്യാമ്പയിൻ **"മയങ്ങില്ല കേരളം"** പദ്ധതിയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 28 കോളേജുകളെ ആദ്യഘട്ടത്തിൽ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. 2 കോളേജുകളെക്കൂടി ഡ്രഗ് ഫ്രീ ക്യാമ്പസായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഡ്രഗ് ഫ്രീ ക്യാമ്പസിന്റെ സംസ്ഥാനതല പ്രഖ്യാപനം 06.10.2026-ന് തിരുവനന്തപുരം മാർ ഇവാനിയസ് കോളേജിൽ വച്ച് നടത്തി. ഡ്രഗ് ഫ്രീ ക്യാമ്പസ് ആയി പ്രഖ്യാപിച്ച 28 കോളേജുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തിയാണോ കോളേജുകളെ ഡ്രഗ്ഫ്രീ ക്യാംപസുകളായി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ?

മറുപടി: "മയങ്ങില്ല കേരളം" പദ്ധതിയോടനുബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ കോളേജുകളെ ഡ്രഗ് ഫ്രീ ക്യാമ്പസായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 28 കോളേജുകളെ ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി നഗര പ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും കോളേജുകളുടെ പങ്കാളിത്തം ഒരുപോലെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്രഗ് ഫ്രീ ക്യാമ്പസുകളായി പ്രഖ്യാപിക്കുവാൻ തിരഞ്ഞെടുത്ത എല്ലാ കോളേജുകളിലും തണ്ടർ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ടി കോളേജുകളിലെ പ്രിൻസിപ്പൽ, മറ്റ് അധ്യാപകർ, NSS/ NCC/ സ്പോർട്സ്/ വിദ്യാർത്ഥി യൂണിയൻ നേതാക്കൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കിയാണ് പ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ളത്. കോളേജുകളിൽ ആരെങ്കിലും ലഹരി ഉപയോഗിക്കുന്നതായി

സംശയം ഉണ്ടായാൽ രക്ഷിതാക്കളുടെ സഹായത്തോടുകൂടി കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സയടക്കം തുടർസഹായങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുകയും, കോളേജുകളിലോ കോളേജ് പരിസരങ്ങളിലോ ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവ പൂർണമായും ഇല്ലാതാക്കാൻ ക്യാമ്പസുകളുടെ പരിസരങ്ങളിൽ പരിശോധന ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പർ	ജില്ല	കോളേജിന്റെ പേര്
1	തിരുവനന്തപുരം	• മാർ ഇവാനിയോസ് കോളേജ്. • ഗവ. കോളേജ്, നെടുമങ്ങാട്.
2	കൊല്ലം	• എസ്. എൻ. വിമൻസ് കോളേജ്, കൊല്ലം. • സെന്റ് ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര
3.	പത്തനംതിട്ട	• കാത്തലിക്കേറ്റ് കോളേജ്, പത്തനംതിട്ട. • സെന്റ് തോമസ് കോളേജ്, റാന്നി.
4	ആലപ്പുഴ	• സെന്റ് ജോസഫ് കോളേജ്, ആലപ്പുഴ
5	കോട്ടയം	• സി. എം. എസ്. കോളേജ്, കോട്ടയം. • സെന്റ് തോമസ് കോളേജ്, പാലാ.
6.	ഇടുക്കി	• ഗവ. കോളേജ്, മൂന്നാർ • ശാന്തിഗിരി കോളേജ്,വഴിത്തല, തൊടുപുഴ
7.	എറണാകുളം	• സെന്റ് തെരേസസ് കോളേജ്, എറണാകുളം. • മഹാരാജാസ് കോളേജ്, എറണാകുളം.
8.	തൃശ്ശൂർ	• സെന്റ് തോമസ് കോളേജ്, തൃശ്ശൂർ • എൻ.എസ്. കോളേജ്, വടക്കാഞ്ചേരി
9.	പാലക്കാട്	• വിക്ടോറിയ കോളേജ്, പാലക്കാട്. • ഗവ.കോളേജ്, അട്ടപ്പാടി.
10.	മലപ്പുറം	• ഗവ.കോളേജ്, മലപ്പുറം.

		• അമൽ കോളേജ്, നിലമ്പൂർ.
11.	കോഴിക്കോട്	• ദേവഗിരി കോളേജ്, കോഴിക്കോട്. • ഫാറൂഖ് കോളേജ്, കോഴിക്കോട്.
12.	വയനാട്	• സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി. • ഗവ.എഞ്ചിനീയറിംഗ് കോളേജ്, മാനന്തവാടി. • WMO മുട്ടിൽ, കൽപ്പറ്റ.
13.	കണ്ണൂർ	• നിർമ്മല ഗിരി കോളേജ്, കൂത്തുപറമ്പ് • കൃഷ്ണമേനോൻ വനിതാ കോളേജ്, പള്ളിക്കുന്ന്
14.	കാസർഗോഡ്	• ഗവ. കോളേജ്, കാസർഗോഡ് • നെഹ്രു കോളേജ്, പടന്നക്കാട്

സെക്ഷൻ ഓഫിസർ